Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
TO SERVE IN TRUTH AND LOVE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 3.7.2018

# ദുരുദ്ദേശ്യപരമായ മാധ്യമ വിചാരണ പ്രതിഷേധാർഹം

കൊച്ചി: കഴിഞ്ഞ ഏതാനും മാസങ്ങളായി കേരളത്തിലെ ക്രൈസ്തവ സഭയെയും സഭാപിതാക്കന്മാരെയും അവഹേളിക്കുന്നതിനും, സ്വഭാവഹത്യ നടത്തുന്നതിനും മാധ്യമങ്ങളെ കൂട്ടുപിടിച്ച് ചിലർ നടത്തിക്കൊണ്ടിരിക്കുന്ന കുത്സിത പ്രവർത്തനങ്ങളെ കേരള കത്തോലിക്കാ അല്മായ നേതൃസമ്മേളനം ശക്തിയായി അപലപിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നു. ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവത്ക്കരിച്ചും, തെറ്റിധാരണയുണ്ടാക്കുംവിധം പർവതീകരിച്ചും, വസ്തുക്കളുടെയോ തെളിവുകളുടെയോ പിൻബലമില്ലാത്ത, അവാസ്തവ പ്രസ്താവനകളിലൂടെ അടിസ്ഥാനരഹിത ആരോപണങ്ങൾ ഉന്നയിച്ചും സഭയെയും സഭാധികാരികളെയും പൊതുജനമധ്യത്തിൽ അപഹാസ്യരാക്കുന്നവർ സഭാവിരോധികൾ തന്നെയാണ്. അത്തരം പ്രസ്താവനകൾക്കും ആരോപണങ്ങൾക്കും ബാഹ്യസമ്മർദങ്ങൾ മൂലമോ സാമ്പത്തികവും അല്ലാതെയുള്ള പ്രലോഭനങ്ങൾ മൂലമോ പ്രചരണം നല്കുന്ന മാധ്യമങ്ങൾ, മാധ്യമസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുകയാണ്. സെൻസേഷനുണ്ടാക്കാനോ, റേറ്റിംഗ് കൂട്ടാനോ മാധ്യമങ്ങൾ അസത്യങ്ങൾക്കും അടിസ്ഥാനരഹിതമായ ആരോപണങ്ങൾക്കും പ്രചരണം നല്കുന്നത് നിയമവിരുദ്ധവും അനീതിപരവുമാണ്. തങ്ങൾക്കു താത്പര്യമുള്ള ചിലരുടെ അഭിപ്രായങ്ങൾ കത്തോലിക്കാസഭയിലെ പൊതുസമൂഹത്തിന്റെ അഭിപ്രായവും നിലപാടുമായി അവതരിപ്പിക്കുന്ന മാധ്യമങ്ങൾ മാധ്യമധർമ്മം ലംഘിക്കുകയാണ്. സഭാനേതൃത്വവുമായി പല കാരണങ്ങളാൽ ഇടഞ്ഞു നില്ക്കുന്നവരും ഇപ്പോൾ സഭയിൽ ഔദ്യോഗികസ്ഥാനങ്ങളൊന്നുമില്ലാത്തവരുമായ ആ സഭയുടെ പ്രതിനിധികളെന്ന നിലയിൽ ചാനൽ ചർച്ചയിലും മറ്റും പങ്കെടുപ്പിച്ച് സഭാനേതൃത്വത്തിനെതിരെ പ്രചരണം നടത്തുന്നത് മാധ്യമധർമമല്ല. സഭാനേതൃത്വത്തിനെതിരേ വിഷം തുപ്പുന്ന അത്തരം സഭാംഗങ്ങൾ വ്യക്തി വിരോധം തീർക്കാനും മോഹഭംഗങ്ങൾ മൂലം പ്രതികാരം ചെയ്യാനും ശ്രമിക്കുകയാണെന്നു വിവേകമുള്ള സമുദായാംഗങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അന്വേഷണത്തിലോ വിചാരണയിലോ ഇരിക്കുന്ന കേസുകളെക്കുറിച്ച് നിക്ഷിപ്ത താത്പര്യമുള്ളവരേക്കൊണ്ട്, മുൻവിധിയോടെ അഭിപ്രായം പറയിച്ച് സമൂഹത്തെ തെറ്റിധരിപ്പിക്കുന്നതിനും, നീതിനിർവഹണത്തെ തടസ്സപ്പെടുത്തുന്നതിനും നടത്തുന്ന മാധ്യമവിചാരണ പ്രതിഷേധാർഹവും അപലപനീയവുമാണ്. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് തെളിയിക്കപ്പെടട്ടെ, കോടതി കുറ്റം ചെയ്തവർക്കു ശിക്ഷ നല്കട്ടെ. അന്വേഷകന്റെയും ന്യായാധിപന്റെയും റോൾ ഏറ്റെടുക്കാൻ മാധ്യമങ്ങൾക്ക് അവകാശവും അധികാരവും ഇല്ല. സഭയുടെ മേലുള്ള ചില മാധ്യമങ്ങളുടെ അന്യായമായ കടന്നുകയറ്റം ഇനിയും നിസ്സഹായരായി നോക്കി നില്ക്കുകയില്ല. സമൂഹത്തിനു വിവിധ മേഖലകളിൽ മികച്ച സേവനം നല്കിയിട്ടുള്ള, നല്കിക്കൊണ്ടിരിക്കുന്ന കത്തോലിക്കാ സഭയെ ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ ചില മാധ്യമങ്ങൾ വളഞ്ഞിട്ടാക്രമിക്കുന്നത് എന്തുകൊണ്ടാണെന്നു സമുദായാംഗങ്ങളും പൊതുസമൂഹവും ചിന്തിക്കുകയും ഉചിതമായി പ്രതികരിക്കുകയും ചെയ്യണമെന്ന് അഭ്യർഥിക്കുന്നു.

പാലാരിവട്ടം പിഒസിയിൽ വച്ചുകൂടിയ കേരള കത്തോലിക്കാ അല്മായ നേതൃസമ്മേളനത്തിൽ കെസിഎഫ് പ്രസിഡന്റ് പി.കെ. ജോസഫ് അധ്യക്ഷത വഹിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട്, അഡ്വ. വർഗീസ് കോയിക്കര, കെസിസി സെക്രട്ടറി അഡ്വ. ജോജി ചിറയിൽ, എ.കെ.സി.സി. പ്രസിഡന്റ് അഡ്വ. ബിജു പറയനിലം, ലത്തീൻ സഭാവക്താവ് ഷാജി ജോർജ്, ഡോ. മേരി റെജീന, അഡ്വ. ടോണി പുഞ്ചക്കുന്നേൽ, പി.ജെ. പാപ്പച്ചൻ, ബെന്നി ആന്റണി, എം.സി.എ ഭാരവാഹികളായ സണ്ണി ജോർജ്, ചെറിയാൻ ചെന്നീർക്കര, എന്നിവർ പ്രസംഗിച്ചു.

**പി.കെ. ജോസഫ്**
പ്രസിഡന്റ്, കേരള കാത്തലിക് ഫെഡറേഷൻ